## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 253 18.03.2013-ൽ മറുപടിയ്ക്കുണ്ടായിരുന്നത്.

### തലസ്ഥാന നഗരിയിൽ യുവതിയെ അപമാനിച്ച സംഭവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ<br>ശ്രീമതി കെ.കെ. ലതിക<br>ശ്രീ. സാജു പോൾ<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) തലസ്ഥാന നഗരിയിൽപ്പോലും സ്ത്രീകൾക്ക് സ്വതന്ത്രമായി നടക്കാൻ പറ്റാത്ത നിലയിൽ സാമൂഹ്യവിരുദ്ധർ അഴിഞ്ഞാടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) സാമൂഹ്യവിരുദ്ധ പ്രവർത്തിയിലേർപ്പെട്ടവരെ അമർച്ച ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) സാമൂഹ്യ വിരുദ്ധപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം തന്നെ സ്ഥിരം കുറ്റവാളികളുടെയും മറ്റും പേരിൽ KAA(P) Act 2007 പ്രകാരം കരുതൽ തടങ്കൽ പാർപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കാര്യക്ഷമമായ പോലീസ് പട്രോളിംഗും ജനമൈത്രി പോലീസ് പദ്ധതിയുടെ കീഴിലുള്ള പട്രോളിംഗും നടത്തി കുറ്റകൃത്യങ്ങളും കുറ്റവാളികളെയും അമർച്ച ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ ക്യാമറ മുതലായ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ കുറ്റകൃത്യങ്ങൾ കണ്ടെത്തി അതിവേഗം നിയമത്തിനു മുമ്പിൽ വിധേയമാക്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | അസഭ്യം പറഞ്ഞ് അപമര്യാദയായി പെരുമാറിയവരെ തെരുവിൽ നേരിടാൻ നിർബന്ധിപ്പിക്കപ്പെട്ട അമൃത എന്ന കോളേജ് വിദ്യാർത്ഥിനിക്കെതിരെ പോലീസ് കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരം; | (സി) | ഉണ്ട്. ബഹു കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 226/13 U/S 341, 323, 325, 332 and 34 IPC പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | അമൃതയെ അസഭ്യം പറഞ്ഞ് പീഡിപ്പിച്ച ഐ.ടി. അറ്റ് സ്കൂൾ ഡയറക്ടറുടെ വാഹനത്തിലുണ്ടായിരുന്നവർ ആരൊക്കെയായിരുന്നു; | (ഡി) & (ഇ) | വാഹനത്തിൽ ഡ്രൈവർ അനൂപ് എന്നയാളും ഐ.ടി അറ്റ് സ്കൂൾ ഡയറക്ടറുടെ ഓഫീസിലെ കോൺട്രാക്ട് വാഹനത്തിന്റെ ഡ്രൈവറായ മനോജ് ലാലുമാണ് ഉണ്ടായിരുന്നത്. ഇവർ മേലുദ്യോഗസ്ഥനെ വിളിക്കുവാനുള്ള ഔദ്യോഗിക കൃത്യ നിർവ്വഹണ ത്തിന്റെ ഭാഗമായിട്ടാണ് സംഭവ സ്ഥലത്ത് എത്തിയത്. |
| (ഇ) | ഏത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായിട്ടായിരുന്നു അമൃതയെ അസഭ്യം പറഞ്ഞവർ സർക്കാർ വാഹനവുമായി രാത്രി സംഭവസ്ഥലത്തെത്തിയതെന്ന് പോലീസിന് അറിയാമോ; സംഘത്തിൽ എത്രപേർ ഉണ്ടായിരുന്നു; അവർ ആരൊക്കെ; | | |
| (എഫ്) | രാത്രി സമയത്ത് സ്ത്രീയോട് അപമര്യാദയായി പെരുമാറിയവർ ഇപ്പോഴും സർവ്വീസിൽ തുടരുന്നുണ്ടോ; വ്യക്തമാക്കുമോ? | (എഫ്) | ഇല്ല. രണ്ടുപേരുടെയും സേവനം 15.02.2013 – ന് അവസാനിപ്പിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ